# എണ്ണ നിറച്ച കരണ്ടി

ഒരു സ്വപ്നദർശനത്തിന്റെ
പ്രേരണയിൽ
സാന്റിയാഗോ എന്ന ഇടയബാലൻ
നടത്തുന്ന യാത്രയാണ്
പൗലോ കൊയ്‌ലോയുടെ
'ആൽകെമിസ്റ്റ്' എന്ന നോവൽ.
ആ സ്വപ്നത്തിന്റെ അർഥം കണ്ടെത്താൻ
അവൻ നടത്തുന്ന ശ്രമങ്ങളിലൂടെയാണ്
കഥ പുരോഗമിക്കുന്നത്.
തന്റെ യാത്രയ്ക്കിടയിൽ
ചിത്രശലഭം, ജിപ്സിസ്ത്രീ, വൃദ്ധൻ തുടങ്ങി
പലരെയും സാന്റിയാഗോ കണ്ടുമുട്ടുന്നു.
ഇതിൽ വൃദ്ധൻ പറഞ്ഞുകൊടുത്ത
ഒരു കഥയാണ് പാഠഭാഗം.



ഒരു കച്ചവടക്കാരൻ അയാളുടെ മകനെ അക്കാലത്തെ ഏറ്റവും പ്രസിദ്ധനായ ജ്ഞാനിയുടെ അരികിലേക്കയച്ചു, സന്തോഷത്തിന്റെ രഹസ്യമെന്താണെന്ന് അറിഞ്ഞുവരാൻ. ഏതാണ്ട് നാൽപ്പതു നാൾ അവൻ മരുഭൂമിയിൽ അലഞ്ഞു നടന്നു. ഒടുവിൽ അച്ഛൻ പറഞ്ഞ ജ്ഞാനിയുടെ വാസസ്ഥലം കണ്ടുപിടിച്ചു; കുന്നിൻമുകളിലുള്ള അതിമനോഹരമായൊരു കൊട്ടാരം.

അകത്തു ചെന്നപ്പോഴോ? അതിലും വലിയ വിസ്മയം. അവന്റെ സങ്കൽപ്പത്തിലുണ്ടായിരുന്നത് അതിദിവ്യനായ ഒരു സന്ന്യാസിവര്യനായിരുന്നു. പക്ഷേ, ഇവിടെ നല്ല തിരക്കും. പലതരത്തിലുള്ള ആളുകൾ വരുന്നു, പോകുന്നു. ചിലർ മൂലകളിൽ കൂട്ടം കൂടിനിന്ന് സംസാരിക്കുന്നു. ഒരുഭാഗത്ത് ചെറിയൊരു ഗാനമേള. അതിനപ്പുറത്ത് അതി സമൃദ്ധമായൊരു വിരുന്നുമേശ. വലിയ വലിയ തളികകൾ നിറച്ച് ആസ്വാദ്യകരങ്ങളായ പലതരം വിഭവങ്ങൾ വിളമ്പിവച്ചിരിക്കുന്നു... ഓരോരുത്തരെയായി അരികിൽ വിളിച്ച് ജ്ഞാനി വിവരങ്ങളന്വേഷിക്കുന്നു. ഏതാണ്ടു രണ്ടുമണിക്കൂർ കാക്കേണ്ടി വന്നു, അവന്റെ തവണയെത്താൻ. അവൻ തന്റെ വരവിന്റെ ഉദ്ദേശ്യം ജ്ഞാനിയെ അറിയിച്ചു.

അദ്ദേഹത്തിന്റെ മറുപടി: "സന്തോഷത്തിന്റെ രഹസ്യമറിയണം. അല്ലേ? പക്ഷേ, തൽക്കാലം അൽപ്പം തിരക്കുണ്ട്. പോയി എന്റെ ഈ കൊട്ടാരമൊക്കെ ഒന്നു ചുറ്റിനടന്നു കണ്ടിട്ടു വരൂ... ഒരു രണ്ടു മണിക്കൂർ കഴിഞ്ഞ്."

ഒരു ചെറിയ സ്പൂണെടുത്ത് അദ്ദേഹം അവന്റെ നേരെ നീട്ടി. അതിൽ രണ്ടു തുള്ളി എണ്ണയുണ്ടായിരുന്നു. "വെറുതെ നടക്കണ്ട... ഇതുകൂടി കൈയിലിരിക്കട്ടെ" -അദ്ദേഹം പറഞ്ഞു: "നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂക്ഷിക്കണം."

കൊട്ടാരത്തിലെ എണ്ണമറ്റ കോണിപ്പടികൾ കയറിയും ഇറങ്ങിയും അവൻ രണ്ടു മണിക്കൂർ കഴിച്ചുകൂട്ടി. പക്ഷേ, മനസ്സുമുഴുവൻ ആ സ്പൂണിലായിരുന്നു. എണ്ണ തുളുമ്പിപ്പോകരുതല്ലോ. രണ്ടു മണിക്കൂറിനുശേഷം അവൻ ജ്ഞാനിയിരുന്നിരുന്ന മുറിയിൽ തിരിച്ചെത്തി.

"ഓ, നീ വന്നോ?" അദ്ദേഹം അവന്റെ നേരെ തിരിഞ്ഞു: "എല്ലാം നടന്നു കണ്ടില്ലേ, ഊൺമുറിയിലെ തിരശ്ശീലകൾ പേർഷ്യയിൽനിന്ന് പ്രത്യേകമായി നെയ്യിച്ചു കൊണ്ടുവന്നതാണ്. നമ്മുടെ ഉദ്യാനമെങ്ങനെ? തികച്ചും പത്തു വർഷമെടുത്തു അതീ മട്ടിലാക്കിത്തീർക്കാൻ. ഗ്രന്ഥപ്പുരയിൽ പോയില്ലേ? എത്ര മൃദുലവും മനോഹരവുമാണ് ഓരോ തുകൽത്താളുകളും."

എന്തു പറയണമെന്നറിയാതെ അവൻ പരുങ്ങി നിന്നു. വാസ്തവത്തിൽ ഈ പറഞ്ഞതൊന്നും തന്നെ അവന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. മനസ്സു മുഴുവൻ സ്പൂണിലെ എണ്ണയിലായിരുന്നു. അതെങ്ങാൻ തുളുമ്പിപ്പോയാലോ? അവൻ വാസ്തവം തുറന്നു പറഞ്ഞ് കുറ്റസമ്മതം നടത്തി.

"ആട്ടെ, ഒന്നുകൂടി പോയി എല്ലാം വിസ്തരിച്ചു കണ്ടിട്ടു വരൂ... ഇതാണെന്റെ ലോകം." തിരിഞ്ഞു നടക്കാൻ ഭാവിച്ച അവനെ അദ്ദേഹം ഓർമ്മപ്പെടുത്തി: "ഒരാളെ വിശ്വസിക്കുന്നതിനുമുമ്പ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം."

അവനു സമാധാനമായി. വീണ്ടും അവൻ ജ്ഞാനിയുടെ കൊട്ടാരം നടന്നു കാണാൻ പുറപ്പെട്ടു. അപ്പോഴും കൈയിലുണ്ടായിരുന്നു ആ സ്പൂണും രണ്ടു തുള്ളി എണ്ണയും. എന്നാലും ഒന്നും വിടാതെ എല്ലാം വിസ്തരിച്ചുതന്നെ അവൻ നോക്കിക്കണ്ടു. തട്ടിലും ചുമരിലുമൊക്കെയുള്ള കലാസൃഷ്ടികൾ, അതിസുന്ദരമായ ഉദ്യാനം, അതിനു ചുറ്റുമുള്ള മലനിരകൾ, എല്ലാ തരത്തിലും നിറത്തിലുമുള്ള പൂക്കൾ. എന്തു മാത്രം സൗന്ദര്യബോധത്തോടുകൂടിയാണ് ആ തോട്ടമൊരുക്കിയിരിക്കുന്നത്! ജ്ഞാനിയുടെ മുമ്പിൽ അവൻ പിന്നെയും ചെന്നു നിന്നു. കണ്ട കാഴ്ചകളെല്ലാം വിശദമായിത്തന്നെ അദ്ദേഹത്തെ പറഞ്ഞു കേൾപ്പിച്ചു.

"പക്ഷേ, ഞാൻ നിന്റെ കൈയിലേൽപ്പിച്ച ആ രണ്ടുതുള്ളി എണ്ണയെവിടെ?" ജ്ഞാനിയുടെ ചോദ്യം.

അപ്പോഴാണവൻ കൈയിൽ പിടിച്ചിരുന്ന സ്പൂണിലേക്കു നോക്കിയത്. അത് തികച്ചും ശൂന്യം.

"നീ പഠിച്ചിരിക്കേണ്ടതായി ഒരു പാഠമേയുള്ളൂ." ജ്ഞാനികളിൽ ജ്ഞാനിയായ ആ വൃദ്ധന്റെ പ്രൗഢഗംഭീരമായ സ്വരം: "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

വൃദ്ധൻ കഥ പറഞ്ഞു നിർത്തി. ഇടയൻ നിശ്ശബ്ദനായിരുന്നു. കഥയുടെ ഗുണപാഠം അവന്റെ മനസ്സിൽ പതിഞ്ഞു. ഇടയന്റെ മോഹം നാടുചുറ്റി കാഴ്ചകൾ കാണുകയാവാം. ആയിക്കോട്ടെ. അപ്പോഴും അവന്റെ കണ്ണ് സ്വന്തം ആട്ടിൻകൂട്ടത്തിന്റെ മേൽത്തന്നെയുണ്ടാകണം.

**(ആൽകെമിസ്റ്റ്)** **– പൗലോ കൊയ്‌ലോ**

വിവർത്തനം: രമാ മേനോൻ

- ജ്ഞാനിയുടെ കൊട്ടാരത്തിനകത്ത് സാന്റിയാഗോയെ വിസ്മയിപ്പിച്ച ദൃശ്യങ്ങൾ എന്തെല്ലാം?
- "ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതുതന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

"ഏതു ധൂസരസങ്കൽപ്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും."

(വിഷുക്കണി-വൈലോപ്പിള്ളി)

താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.